# വിജ്ഞാനത്തിന്റെ സൂക്ഷിപ്പുകാരൻ

**പ്രമുഖ ശാസ്ത്ര സാഹിത്യകാരനും ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രസിദ്ധീകരണ സമിതി ചെയർമാനും ആയിരുന്ന പ്രൊഫ. എം. ശിവശങ്കരനെ ഓർമിക്കുമ്പോൾ**


പ്രൊഫ. എം. ശിവശങ്കരൻ

പ്രൊഫ. എം.കെ. പ്രസാദ്

പ്രൊഫ. എം. ശിവശങ്കരനെ ഞാൻ കാണുന്നത് കോഴിക്കോട് മാവൂർ റയോൺസിനെതിരായി ഞങ്ങൾ യുദ്ധം ചെയ്യുന്ന കാലത്താണ്. ബിർളാക്കമ്പനിയുടെ ഗ്വാളിയോർ റയോൺസ് ഫാക്ടറി ശുദ്ധീകരിക്കാത്ത നിർഗമദ്രാവകങ്ങൾ നേരിട്ട് ചാലിയാർ പുഴയിലേക്ക് ഒഴുക്കിവിടുന്നതിന്റെ പാരിസ്ഥിതിക-സാമ്പത്തിക- സാമൂഹ്യ ആഘാതങ്ങൾ ഞങ്ങൾ കുറേപ്പേരെ ജലമലിനീകരണ വിഷയത്തിൽ ശ്രദ്ധിക്കാൻ നിർബന്ധിതരാക്കി. കോഴിക്കോട് നഗരത്തിൽ പ്രവർത്തിച്ചിരുന്ന ഒരു ആർക്കിടെക്റ്റ് കമ്പനി (ജോസ്-രമേശ്-ബാബു എന്നു പേർ)യിലെ രമേശാണ് ഇക്കാര്യം പഠനാർഹമാണെന്ന് സൂചിപ്പിച്ചത്. ഞങ്ങളെ വിശദാംശങ്ങൾ തന്ന് ഉൽബുദ്ധരാക്കാൻ പൊല്യൂഷൻ കൺട്രോൾ ബോർഡിലെ ഒരു എൻജിനീയറായ രാമചന്ദ്രൻ തയാറായി. റയോൺസ് കമ്പനി ചാലിയാറിനെ മലിനമാക്കുന്നതിനെതിരായി പ്രവർത്തിച്ചിരുന്ന കമ്പനിത്തൊഴിലാളിയായിരുന്ന റഹിമിന്റെ സാന്നിദ്ധ്യത്തിൽ ചാലിയാറിലെ മാവൂർ കടത്തുകടവിൽ വച്ചായിരുന്നു രാമചന്ദ്രന്റെ സ്റ്റഡിക്ലാസ്. അക്കാലത്ത് ഞങ്ങൾ നിത്യേന വൈകുന്നേരം ഒത്തുചേരാറുണ്ടായിരുന്നു. അക്കൂട്ടത്തിൽ എറണാകുളത്തുകാരനും മഹാരാജാസ് കോളേജിൽ എന്റെ ഭാര്യയുടെ സതീർത്ഥ്യനുമായിരുന്ന, മെലിഞ്ഞ് പൊക്കക്കാരനായ, പ്രസന്നവദനനായ ശിവശങ്കരൻ പെട്ടിരുന്നു. എറണാകുളത്തിനടുത്തുള്ള ചമ്പക്കര എന്ന സ്ഥലമാണ് ടിയാന്റെ സ്വദേശം. അദ്ദേഹം ജോലിചെയ്തിരുന്നത് കോഴിക്കോട്ടെ മലബാർ ക്രിസ്ത്യൻ കോളേജിലായിരുന്നു. ഞങ്ങളുടെ പലേ ചർച്ചകളിലും ഇദ്ദേഹത്തിന്റെ അപാരമായ അറിവ് പ്രകടമായിരുന്നു. ഞങ്ങളുടെ കൂട്ടത്തിൽ ഫറോക്ക് കോളേജിലെ ജന്തുശാസ്ത്ര അദ്ധ്യാപകനായ ഇളയിടം എന്നും ക്രിസ്ത്യൻ കോളേജിലെ ശിവശങ്കരനെ, ഒരുപാട് ഗ്രന്ഥങ്ങൾ കൈവശമുള്ളയാളും ഒരുപാട് ജീവശാസ്ത്രഗ്രന്ഥങ്ങൾ വായിക്കുന്നയാളുമായ ശിവശങ്കരനെ, അദ്ദേഹത്തിന്റെ അഭാവത്തിൽ പുകഴ്ത്തുമായിരുന്നു.

ശിവശങ്കരന്റെ പുസ്തകപ്രേമത്തെപ്പറ്റി എനിക്കു ബോധ്യം വന്നത് ഒരു ദിവസം ടിയാന്റെ താമസസ്ഥലം സന്ദർശിച്ചപ്പോഴാണ്. ഇക്കാര്യത്തെപ്പറ്റി ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു പലരും അദ്ഭുതത്തോടെ പറയുമായിരുന്നു.

ശിവശങ്കരനെ ലേഖനങ്ങളും ഗ്രന്ഥങ്ങളും രചിക്കാൻ ചെറിയ പ്രേരണ ഞാനും നൽകിയിട്ടുണ്ട്. ശിവശങ്കരന്റെ പ്രധാന സ്നേഹിതനും സഹപാഠിയും ആയിരുന്ന ഡോ. കാർത്തികേയ വർമ (കോഴിക്കോട് മെഡിക്കൽ കോളേജ്), ബോംബെയിൽ ജോലി ചെയ്യുന്ന കുഞ്ഞുണ്ണിവർമ- ഇവരെല്ലാം ജീവശാസ്ത്രത്തിൽ, പ്രത്യേകിച്ച് 'പരിണാമം' എന്ന ശാസ്ത്രശാഖയിൽ വൈദഗ്ദ്ധ്യമുള്ളവരായിരുന്നു. ഇവരെക്കൊണ്ടൊക്കെ ലേഖനങ്ങളും പുസ്തകങ്ങളും എഴുതിത്തരാൻ ശിവശങ്കരൻ കാരണക്കാരനായിട്ടുണ്ട്.

ശിവശങ്കരൻ എന്റെ ആത്മസുഹൃത്തുക്കളിൽ ഒരാളാണ്. പല കാര്യങ്ങളിലും വ്യക്തിപരമായ എന്റെ ഉപദേശം സ്വീകരിക്കുമായിരുന്നു. എന്റെ ചില വിഡ്ഢിത്തങ്ങൾ പരസ്യമായി (സുഹൃദ് കൂട്ടങ്ങളിൽ) സരസമായി വിമർശിക്കാൻ ശിവശങ്കരൻ സ്വാതന്ത്ര്യം എടുത്തിരുന്നു. ഇങ്ങനെ കൂടുതൽ കൂടുതൽ ഓർക്കുന്തോറും മനസ്സിൽ വിമ്മിട്ടം കൂടിക്കൂടി വരികയാണ്. ശിവശങ്കരനെപ്പോലെ ഒരാൾ ഇനി ഉണ്ടാവില്ല. ശിവശങ്കരന്റെ ഓർമ നമ്മിൽ മരിക്കാതെ ജീവിക്കട്ടെ. ●